
KSIDC

# കേരള സർക്കാരിന്റെ പുതിയ വ്യവസായ നയവും വിശദവിവരങ്ങളും



വ്യവസായ മേഖലയിൽ സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റുകയെന്ന ലക്ഷ്യത്തോടെയാണ് പുതിയ വ്യവസായ നയം പുറത്തിറക്കിയിട്ടുള്ളത്. നിലവിലുള്ള വ്യവസായ വികസന പദ്ധതികൾക്ക് കൂടുതൽ ഉണർവേകുന്നതാണ് വ്യവസായ നയം 2023. കേരളത്തിന്റെ വ്യാവസായിക സാധ്യതകൾ പരിഗണിച്ച് ഓരോ മേഖലയെയും സൂക്ഷ്മമായി വിലയിരുത്തിയാണ് പുതിയ നയം പ്രഖ്യാപിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഓരോ രംഗത്തെയും സംരംഭകരുമായും വിദഗ്ധരുമായും ആശയവിനിമയം നടത്തിയിരുന്നു. അതുകൊണ്ടുതന്നെ അപ്രായോഗികമായ ഘടകങ്ങൾ പുതിയ നയത്തിൽ ഇല്ല. ഇത്തരത്തിൽ രാജ്യത്തെ ആധുനിക വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുകയെന്നതാണ് വ്യവസായ നയം 2023 ന്റെ ലക്ഷ്യം.സംരംഭകത്വ പ്രോത്സാഹനം, അടിസ്ഥാന സൗകര്യമൊരുക്കൽ, ഹൈടെക് സാങ്കേതിക വിദ്യയിലേക്കുള്ള മാറ്റം, നൈപുണ്യ വികസനം, വ്യവസായ സൗഹൃദ അന്തരീക്ഷം, ഉൽപന്നങ്ങൾക്ക് 'കേരള ബ്രാൻഡ് ' ലേബലിൽ വിപണന സൗകര്യമൊരുക്കുക, മുൻഗണനാ മേഖലകളിലൂന്നിയ വ്യവസായവത്ക്കരണം തുടങ്ങിയവയാണ് പുതിയ വ്യവസായ നയത്തിന്റെ പ്രധാന നയമേഖലകൾ.

22 മുൻഗണനാമേഖലകളിൽപ്പെട്ട വ്യവസായങ്ങളുടെ വളർച്ച സാധ്യമാക്കുന്നതിന് 18 ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചാണ് പുതിയ വ്യവസായ നയം രൂപീകരിച്ചിരിക്കുന്നത്.

അടിസ്ഥാന സൗകര്യ വികസനം, സാങ്കേതിക വിദ്യയും നവീകരണവും, സ്ഥാപനപരമായ കാര്യക്ഷമത, ഗവേഷണ വികസനം, നൈപുണ്യവികസനം, പ്രോത്സാഹനം തുടങ്ങിയവ ഉറപ്പാക്കുന്നതിനുള്ള ഉപനയങ്ങളും ആവിഷ്കരിച്ചിരിക്കുന്നു. ഇത്തരം വ്യവസായ സംരംഭങ്ങളിൽ നിന്നുമുള്ള ഉത്പന്നങ്ങളുടെ വിപണി വികസിപ്പിക്കുന്നതിനും കയറ്റുമതി സുഗമമാക്കുന്നതിനുമുള്ള സമീപനങ്ങളുമുണ്ട്. കേരളത്തെ വ്യവസായ വിപ്ലവത്തിന്റെ 4.0 (വ്യവസായ വിപ്ലവത്തിന്റെ നാലാം പതിപ്പ്)ലേക്ക് എത്തിക്കുന്നതിനുള്ള ഊർജിത പരിപാടികളാണ നയത്തിലുള്ളത്. ഗ്രഫീൻ പോലെ വ്യവസായ സമ്പദ്മേഖലയിൽ ഉയർന്നുവരുന്ന നവീന മേഖലകളിലെ ഗവേഷണത്തിന് സർക്കാർ സഹായം ലഭ്യമാക്കും. ഇതോടൊപ്പം അക്കാദമിക് സ്ഥാപനങ്ങളുമായി ചേർന്ന് ഈ രംഗത്ത് കൂടുതൽ ഗവേഷണങ്ങളും നടത്തും. പുതിയ നയത്തിലൂടെ കൂടുതൽ നിക്ഷേപവും തൊഴിലും ലക്ഷ്യമിടുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പാക്കിയ സംരംഭകവർഷത്തിന് ലഭിച്ച വൻസ്വീകാര്യതയും ചുരുങ്ങിയ കാലംകൊണ്ടുതന്നെ ലക്ഷ്യം മറികടക്കാൻ സാധിച്ചതും ഈ സാമ്പത്തിക വർഷം നിക്ഷേപ വർഷം എന്ന ആശയത്തിന് പ്രേരകമായിട്ടുണ്ട്. ഇതിന് സഹായകമായ രീതിയിൽ നവീന ആശയങ്ങൾ വളർത്താനും സുസ്ഥിരമായ വ്യാവസായി അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ നടത്താനുള്ള പദ്ധതിയും വ്യവസായ നയത്തിലുണ്ട്. യുവജനങ്ങളെയും വനിതകളെയും സംരംഭക ലോകത്തേക്ക് കൈപിടിച്ച് ഉയർത്താനുള്ള നിരവധി പദ്ധതികളും നയത്തിലുണ്ട്. നാലാം വ്യവസായ വിപ്ലവത്തിന്റെ ഭാഗമായി അവശ്യ സംവിധാനങ്ങൾ ഒരുക്കുന്നതിന് എംഎസ്എംഇ വ്യവസായങ്ങൾക്ക് അഞ്ച് വർഷത്തേക്ക് വൈദ്യുതി നികുതി നൽകുന്ന പദ്ധതി, സ്ത്രീകൾക്കും പട്ടിക ജാതിപട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട സംരംഭകർക്കും സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ചാർജിലും ഇളവ് തുടങ്ങിയവയെല്ലാം പുതിയ വ്യവസായ നയത്തിലുണ്ട്.

മെഡിക്കൽ അനുബന്ധ വ്യവസായങ്ങൾ ശക്തിപ്പെടുത്താൻ മെഡിക്കൽ ഡിവൈസ് പാർക്ക്, ഇലക്ട്രോണിക് ഡിസൈനിങിലും നിർമാണ മേഖലയിലും നേട്ടമുണ്ടാക്കുന്നതിനായി ഇലക്ട്രോണിക് മാനുഫാക്ചറിങ് ക്ലസ്റ്ററും ഇലക്ട്രോണിക് ഹാർഡ് വെയറും സ്ഥാപിക്കും. ഇലക്ട്രോണിക് വാഹനരംഗത്ത് അഡ്വാൻസ്ഡ് ബാറ്ററി നിർമാണവും ഇവി പാർക്കും സ്ഥാപിക്കും. കൂടാതെ എയ്റോസ്പേസ് ഡിഫൻസ് ടെക്നോളജി ഹബാക്കി സംസ്ഥാനത്തെ മാറ്റുന്നതിന് കേരള സ്പേസ് പാർക്ക്, ത്രീഡി പ്രിന്റിങ് രംഗത്ത് ലോകോത്തര ബയോ പ്രിന്റിങ് ലാബ് എന്നിവയും ആരംഭിക്കും. ആധുനിക വ്യവസായങ്ങൾക്ക് ഊന്നൽ നൽകുന്നതോടൊപ്പം പരമ്പരാഗത വ്യവസായങ്ങളെ കൈപിടിച്ചുയർത്താനും നയം ലക്ഷ്യമിടുന്നു.

> കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പാക്കിയ സംരംഭകവർഷത്തിന് ലഭിച്ച വൻസ്വീകാര്യതയും ചുരുങ്ങിയ കാലംകൊണ്ടുതന്നെ ലക്ഷ്യം മറികടക്കാൻ സാധിച്ചതും ഈ സാമ്പത്തിക വർഷം നിക്ഷേപ വർഷം എന്ന ആശയത്തിന് പ്രേരകമായിട്ടുണ്ട്.

## കേരളത്തിൽ കൂടുതൽ വ്യവസായികളെ സൃഷ്ടിക്കാൻ കെഎസ്ഐഡിസി സ്വീകരിക്കുന്ന നയങ്ങൾ, നടപടി, സഹായം എന്നിവ എന്തെല്ലാം?

സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്താൻ ഒട്ടനവധി കാര്യങ്ങളാണ് കെഎസ്ഐഡിസി നടപ്പാക്കി വരുന്നത്. ഒരു ബിസിനസ്/പ്രൊജക്ടിന്റെ ആശയരൂപീകരണ ഘട്ടത്തിൽ നിന്ന് വിപുലീകരണ സ്കെയിൽ അപ്പ് ഘട്ടത്തിലേക്ക് എത്തിക്കുന്നത് വരെയുള്ള ദൗത്യമാണ് ചെയ്തുവരുന്നത്. സംസ്ഥാനത്ത് കൂടുതൽ നിക്ഷേപം വരിക, തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുക അതിന് വിഘാതമായി നിൽക്കുന്ന കാലഹരണപ്പെട്ട ചട്ടങ്ങൾ പൊളിച്ചെഴുതി, കാലോചിതമായി പുതുക്കിയ നിലപാടുകളും സംവിധാനങ്ങളും കേരളത്തിൽ കൂടുതൽ വ്യവസായികളെ സൃഷ്ടിക്കാൻ കാരണമായി. കേരളത്തിൽ വ്യവസായ തുടങ്ങാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളിൽ ഭൂമിയുടെ ദൗർലഭ്യം വലിയ പ്രശ്നമായിരുന്നു. അതിനുള്ള പരിഹാരമാണ് വ്യവസായ പാർക്കുകൾ. കേരളത്തിൽ വ്യവസായം തുടങ്ങാൻ സന്നദ്ധരായി മുന്നോട്ടുവരുന്നവർക്ക് ഭൂമി വില ആദ്യമേ നൽകാതെ ആ തുക പ്രവർത്തന മൂലധനമായി

**KSIDC**

വിനിയോഗിച്ച് വ്യവസായം തുടങ്ങാനുള്ള സാഹചര്യമാണ് ഇപ്പോഴുള്ളത്. കെഎസ്ഐഡിസി ഒൻപത് ഇൻഡസ്ട്രിയൽ പാർക്കുകളിലൂടെ അടിസ്ഥാനസൗകര്യം സാധ്യമാക്കുന്നുണ്ട്. നിക്ഷേപകർക്കാവശ്യമായ അടിസ്ഥാന സൗകര്യവും (ഡെവലപ്ഡ് ലാൻഡ്) ബിൽറ്റ് അപ്പ് ഏരിയയും ഞങ്ങൾക്കുണ്ട്. 50 കോടി രൂപയിലധികം നിക്ഷേപമുള്ള വ്യവസായങ്ങൾക്ക് മതിയായ രേഖകൾ സഹിതം അപേക്ഷിച്ചാൽ ഏഴ് ദിവസങ്ങൾക്കുള്ളിൽ അനുമതി നൽകാനുള്ള ബിൽ നടപ്പാക്കിയത് ഇപ്പോഴുള്ള സർക്കാരാണ്. 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ള എംഎസ്എംഇ കൾ ലൈസൻസില്ലാതെ മൂന്ന് വർഷത്തേക്ക് പ്രവർത്തിക്കാൻ സാധിക്കും. സിംഗിൽ വിൻഡോ സംവിധാനത്തിൽ നിന്നുള്ള അക്നോളജ്മെന്റ് മാത്രം മതി. ഇതിനു പുറമേ വ്യവസായങ്ങൾക്ക് അതിവേഗ അനുമതി നൽകുന്നതിനായി കെസ്വിഫ്റ്റും പ്രവർത്തിക്കുന്നുണ്ട്. കെ സ്വിഫ്റ്റ് വഴി അഞ്ച് മിനിറ്റുള്ളിൽ 21 വകുപ്പുകളിൽ നിന്നുള്ള 85 ലേറെ അനുമതികൾ ഒരൊറ്റ വെബ്പോർട്ടലിൽ നിന്ന് സംരംഭകർക്ക് വീട്ടിലിരുന്ന് കൊണ്ട് നേടിയെടുക്കാം. സമയബന്ധിതമായി അനുമതികൾ നേടാമെന്നതിനാൽ ധാരാളം സംരംഭകർ ഇപ്പോൾ ഇതു ഉപയോഗിക്കുന്നുണ്ട്. 10 കോടി വരെ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് മൂന്ന് വർഷം വരെ കാലാവധിയുള്ള അനുമതി നേടിയെടുക്കാനാകും.1012 ചോദ്യങ്ങൾക്ക് ഉത്തരം നൽകിയാൽ നോൺ റെഡ് കാറ്റഗറിയിലുള്ള സംരംഭങ്ങൾക്ക് മൂന്നുവർഷം സാധുതയുള്ള അക്നോളജ്മെന്റ് സർട്ടിഫിക്കറ്റ് ലഭിക്കും. കെ സ്വിഫ്റ്റ് വന്നതോടെ ലൈസൻസ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട ഇതുവരെയുണ്ടായിരുന്ന എല്ലാ ആശങ്കകളും മാറി. കെ സ്വിഫ്റ്റ് വഴി പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പം നിലവിലുള്ള സംരംഭങ്ങൾക്ക് ഈ പ്ലാറ്റ്ഫോമിലൂടെ ലൈസൻസ് പുതുക്കാനും കഴിയും. കെഎസ്ഐഡിസി, കിൻഫ്ര തുടങ്ങിയ വ്യാവസായിക ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷ നൽകൽ, തൊഴിൽ നികുതി അടയ്ക്കുന്നതിനുള്ള സൗകര്യവും കെ സ്വിഫ്റ്റിലുണ്ട്. കൂടാതെ ഇകിറ്റി, ടേം ലോൺ, വർക്കിങ് കാപ്പിറ്റൽ ടേം ലോൺ, എക്യുപ്മെന്റ് ലോൺ, കോർപ്പറേറ്റ് ലോൺ എന്നിങ്ങനെ ഓരോരുത്തരുടെയും ആവശ്യാനുസരണമുള്ള പ്രത്യേക ലോണുകളും കെഎസ്ഐഡിസി, സംരംഭകർക്ക് നൽകിവരുന്നു. 60 കോടി വരെയുള്ള ലോണുകളാണ് നൽകി വരുന്നത്. എട്ട് മുതൽ 10 ശതമാനം വരെ പലിശയ്ക്കാണ് ഇത് നൽകുന്നത്. മുഖ്യമന്ത്രിയുടെ വായ്പാ പദ്ധതിയിൽ ഒരു കോടി മുതൽ അഞ്ച് കോടി രൂപ വരെ അഞ്ച് ശതമാനം പലിശയ്ക്കാണ് നൽകുന്നത്. സ്റ്റാർട്ടപ്പുകൾക്ക് ഏറ്റവും വലിയ ലോൺ നൽകുന്നതും കെഎസ്ഐഡിസിയാണ്. ഒരുകോടി രൂപ വരെ സ്കെയിൽ അപ് ലോണും സ്റ്റാർട്ടപ്പുകൾക്കുള്ള ഉയർന്ന സീഡ് ഫണ്ട് നൽകുന്നതും കെഎസ്ഐഡിസിയാണ്. 25 ലക്ഷം രൂപയാണ് സീഡ് പരിധി. സ്റ്റാർട്ടപ്പിന് സഹായമായി ഇൻകുബേഷൻ സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ വനിതാ സംരംഭകർക്കും കാരവൻ ടൂറിസത്തിനും കമ്പനികൾക്ക് ലോൺ നൽകുന്നുണ്ട്. കൂടാതെ രാജ്യത്തിന് പുറത്തും അകത്തും കേരളത്തിനകത്തും നിരവധി എക്സപോകളിലും പങ്കെടുത്തും കുറേയധികം ഈവന്റുകൾ സംഘടിപ്പിച്ചും കേരളത്തിലേക്ക് വ്യവസായികളെ കൊണ്ടുവരുന്നുണ്ട്.

**ഏകജാലക സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന വ്യാപക പരാതി സംരംഭകരുടെ ആത്മവിശ്വാസം കെടുത്തുന്നതല്ലേ?**

കെഎസ്ഐഡിസിയുടെ ജനകീയമായ കെ സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനം വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. വ്യവസായിക അനുമതികൾക്ക് പല ഓഫീസുകൾ കയറിറങ്ങാതെ ഒറ്റ പോർട്ടലിൽ ലഭിക്കുന്നതിനാൽ സംരംഭകർക്കിടയിൽ സ്വീകാര്യതയേറുന്നുണ്ട്. 65565 സംരംഭകരാണ് ഇതുവരെ കെസ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 38148 എംഎസ്എംഇകൾക്ക് ക്ലിയറൻസ് ലഭിച്ചു. 5639 അപേക്ഷകളിൽ 3529 അപേക്ഷകൾക്ക് ഇതുവരെ അനുമതി നൽകി. വളരെ കുറഞ്ഞ കാലയളവിൽ കെസ്വിഫ്റ്റിലൂടെ നൽകിയ സേവനങ്ങളുടെ കണക്കുപരിശോധിച്ചാൽ അവ എത്രമാത്രം സംരംഭകരെ സഹായിക്കുന്നുവെന്നും എത്രമാത്രം സേവനങ്ങൾ സ്വീകരിക്കുന്നുവെന്നും മനസിലാക്കാൻ കഴിയും. 21 വകുപ്പുകളുടെ സോഫ്റ്റ് വെയറുകളുമായി യോജിച്ചു പ്രവർത്തിക്കുന്ന ഒരു സംവിധാനമാണിത്. അതിനാൽ അവയിൽ ഏതിലെങ്കിലും പ്രശ്നമുണ്ടായാൽ അത് കെ സ്വിഫ്റ്റിനെയും ബാധിക്കും. അത്തരത്തിൽ ചില സമയങ്ങളിൽ പോർട്ടലിന് ചെറിയ സാങ്കേതിക തകരാറുകൾ നേരിടുന്നതൊഴിച്ചാൽ മറ്റ് പ്രശ്നങ്ങൾ ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടെക്നോളജിയെ പരമാവധി വിനിയോഗിച്ച് സാധാരണ സംരംഭകർക്ക് അങ്ങേയറ്റം സുഗമമായ സംവിധാനമാണ് കെസ്വിഫ്റ്റിലൂടെ അവതരിപ്പിച്ചിരിക്കുന്നത്.

**കെ എസ് ഐ ഡി സി യുടെ വിവിധ ലോണുകളും അത് നേടുന്നതിനുള്ള യോഗ്യതകളും എന്തെല്ലാമാണ്?**

സംസ്ഥാനത്ത് സംരംഭകത്വം എളുപ്പമാക്കാനും എംഎസ്എംഇ സംരംഭകർക്ക് എളുപ്പത്തിൽ ഫണ്ടിങ് ലഭ്യമാക്കാനും കെഎസ്ഐഡിസി നിരവധി ലോൺ പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കെഎസ്ഐഡിസിയുടെ പ്രധാന വായ്പ പദ്ധതികളായ ടേം ലോൺ, എക്യുപ്മെന്റ് പർച്ചേഴ്സ് ലോൺ, കോർപ്പറേറ്റ് ലോൺ, വർക്കിങ് കാപ്പിറ്റൽ ടേം ലോൺ എന്നിവയിലൂടെയും സ്പെഷ്യൽ പദ്ധതികളായ മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതി, ബിൽ ഡിസ്കൗണ്ടിങ് ലോൺ, കോൺട്രാക്ടർ ലോൺ, കാരവൻ ലോൺ, വനിതാ സംരംഭകർക്ക് വി മിഷൻ എന്നിവയിലൂടെയും കെഎസ്ഐഡിസി ലോൺ നൽകി വരുന്നു.
സ്റ്റാർട്ടപ്പുകൾക്ക് സീഡ് ഫണ്ട്, സ്കെയിൽ അപ്പ് എന്നിവയിലൂടെയും ലോൺ നൽകുന്നുണ്ട്.
കെഎസ്ഐഡിസിയുടെ എല്ലാ ലോണുകളും ഏറ്റവും ആകർഷകമായ പലിശനിരക്കിലാണ് നൽകുന്നത്.
മികച്ച ക്രെഡിറ്റ് റേറ്റിങ്ങുള്ള ഒരു സംരംഭകന് പലിശ നിരക്കിൽ ഇളവുകൾ ലഭിക്കും.
തിരിച്ചടവുകൾ കൃത്യമായി നടത്തിയാൽ പലിശയിൽ ഇളവുകൾ അനുവദിച്ചു വരികയും ചെയ്യുന്നു.
മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതിയാണ് ഏറ്റവും കുറഞ്ഞ പലിശനിരക്കിൽ കെഎസ്ഐഡിസി അനുവദിക്കുന്ന ലോൺ.
5.50 ശതമാനം മാത്രമാണ് പലിശനിരക്ക്. ഒരു കോടി രൂപ മുതൽ 60 കോടി വരെ അനുവദിക്കുന്ന ടേം ലോൺ, ഉത്പാദന മേഖലയിൽ നിലവിലുള്ള വനിതാ സംരംഭങ്ങളുടെ വിപുലീകരണത്തിനും നവീകരണത്തിനുമായുള്ള വി മിഷൻ പദ്ധതി, സ്റ്റാർട്ടപ്പുകൾക്ക് 25 ലക്ഷം മുതൽ ഒരു കോടി വരെ അനുവദിക്കുന്ന സീഡ് ഫണ്ട്, സ്കെയിൽ അപ്പ് തുടങ്ങിയവയും കെഎസ്ഐഡിസിയുടെ പ്രധാന ആകർഷക പദ്ധതികളാണ്.

## ഏതൊക്കെ തരത്തിലുള്ള സ്റ്റാർട്ട് ആപ്പ് ആശയങ്ങൾക്കാണ് കെഎസ്ഐഡിസി ഫണ്ടിങ് ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകുന്നത്?

യുവ സംരംഭകരുടെ മികച്ച ബിസിനസ് ആശയങ്ങൾ സംരംഭങ്ങളാക്കാൻ കെഎസ്ഐഡിസി സീഡ് ഫണ്ട്, സ്കെയിൽ അപ്പ് പദ്ധതി എന്നിവ വഴി സാമ്പത്തിക പിന്തുണ നൽകിവരുന്നു. നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായതും വൻതോതിൽ വാണിജ്യവത്ക്കരിക്കാൻ സാധ്യതയുള്ളതുമായ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് അവയുടെ പ്രാരംഭ ഘട്ടത്തിൽ പ്രയോജനപ്പെടുത്താവുന്ന ഒന്നാണ് സീഡ് ഫണ്ട് പദ്ധതി. ഒരു പദ്ധതി ചെലവിന്റെ 90 ശതമാനം വരെയാണ് വായ്പ. പരമാവധി 25 ലക്ഷം രൂപ വരെ നൽകും. ഈ വായ്പ ഒരു വർഷത്തേക്കുള്ള സോഫ്റ്റ് ലോണായിട്ടാണ് അനുവദിക്കുന്നത്. മൂന്ന് വർഷമാണ് തിരിച്ചടവ് കാലാവധി. സീഡ് സ്റ്റേജ് വിജയകരമായി പൂർത്തിയാക്കുകയും തങ്ങളുടെ നൂതന ഉൽപ്പന്നം/ സേവനം വാണിജ്യവത്ക്കരിക്കുകയും ചെയ്യുന്ന സ്റ്റാർട്ടപ്പുകൾക്ക് അവരുടെ സംരംഭത്തിന്റെ വളർച്ച ഘട്ടത്തിൽ അവയുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന് ഒരു കോടി വരെ ഏഴ് ശതമാനം പലിശ നിരക്കിൽ വായ്പയായി നൽകുന്നതാണ് 'സ്കെയിൽ അപ്പ്' പദ്ധതി. കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുന്ന ലോൺ തിരികെ അടയ്ക്കാൻ മൂന്ന് വർഷം വരെ സ്റ്റാർട്ടപ്പുകൾക്ക് സമയം ലഭിക്കുമെന്നതാണ് പ്രത്യേകത. ആരോഗ്യമേഖല,





കൃഷി, വെബ് ആൻഡ് ആപ്ലിക്കേഷൻ ഡെവലപ്മെന്റ്, ഇകോമേഴ്സ്, എഞ്ചിനീയറിങ്, ആയുർവേദം, ധനകാര്യ സ്ഥാപനങ്ങൾ, സിനിമാപരസ്യ മേഖല, വിദ്യാഭ്യാസം, എച്ച്ആർ, ബയോടെക്നോളജി, ഡിഫൻസ് ടെക്നോളജി തുടങ്ങിയവ ഉൾപ്പെടുന്ന നിരവധി ടെക്നിക്കൽ മേഖലകൾക്കാണ് പദ്ധതികളിലൂടെ സഹായം നൽകുന്നത്.

### അഭ്യസ്തവിദ്യരായ യുവാക്കളെ സംരംഭകരായി മാറ്റിയെടുക്കാനും അവരെ കേരളത്തിൽത്തന്നെ ഉറപ്പിച്ച് നിർത്താനും കെഎസ്ഐഡിസിക്കു കഴിയുമോ?

വൻകിടഇടത്തര സംരംഭങ്ങൾക്ക് ധനസഹായം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നൽകുകയാണ് കെഎസ്ഐഡിസിയുടെ പ്രധാനലക്ഷ്യം. എംഎസ്എംഇകൾക്ക് ധനസഹായ നൽകുന്നതുൾപ്പടെയുള്ള ചുമതലകൾ നിർവഹിക്കുന്നത് ഡിഐഎസിയാണ്( വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ). വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ എംഎസ്എംഇകളെ സഹായിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. എന്നിരുന്നാലും കെഎസ്ഐഡിസിയും നിലവിൽ അഭ്യസ്തവിദ്യരായ യുവാക്കളെ കേരളത്തിൽ നിർത്താനുള്ള കാര്യങ്ങളിൽ വലിയ പങ്ക് വഹിച്ചുവരുന്നുണ്ട്.

കെഎസ്ഐഡിസി നിലവിൽ സ്റ്റാർട്ടപ്പുകൾക്ക് സീഡ് ഫണ്ട്, സ്കെയിൽ അപ്പ് പദ്ധതിയിലൂടെ ഏറ്റവും കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തിക സഹായം നൽകി വരുന്നു. നിരവധി യുവ സംരംഭകരാണ് പദ്ധതിയുടെ പ്രയോജകരായത്. സീഡ് ഫണ്ട് പദ്ധതി പ്രകാരം ഇതുവരെ 138 സംരംഭകരാണ് സംരംഭകത്വ മേഖലയിലേക്ക് കാൽവെപ്പ് നടത്തിയിരിക്കുന്നത്. 28.84 കോടി രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്. സ്കെയിൽ അപ്പ് പദ്ധതി പ്രകാരം 14 സംരംഭങ്ങൾക്കും വായ്പ അനുവദിച്ചിട്ടുണ്ട്. 7.43 കോടി രൂപ വരെയാണ് ഇതുവരെ വായ്പ അനുവദിച്ചിട്ടുള്ളത്. കൂടാതെ വിമിഷൻ പദ്ധതി പ്രകാരം 34 സംരംഭകർക്കാണ് ഇതുവരെ സാമ്പത്തിക പിന്തുണ നൽകിയത്. 6.99 കോടി രൂപ വരെയാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത്. ഇതു കൂടാതെ കൊച്ചി ഇൻഫോപാർക്കിലും അങ്കമാലി ഇൻകൽ ടവറിലും കോഴിക്കോട് സൈബർ പാർക്കിലും പ്രവർത്തിക്കുന്ന ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ യുവ സംരംഭകർക്ക് ആവശ്യമായ സഹായം നൽകി വരുന്നു. കൂടുതൽ യുവജനങ്ങളെയും വനിതകെളയും സംരംഭക ലോകത്തേക്ക് കൈപിടിച്ച് ഉയർത്താനുള്ള നിരവധി പദ്ധതികളും വ്യവസായനയം 2023 മുന്നോട്ടു വെക്കുന്നുണ്ട്. കോവിഡാനന്തര കേരളത്തിൽ പൊതുവെ സംരംഭക സംസ്കാരം കരുത്താർജിച്ചിട്ടുണ്ട്. സ്വദേശത്ത് തന്നെ ചെറുതും വലുതുമായ സംരംഭങ്ങൾ ആരംഭിക്കാൻ മലയാളികളിൽ പലരും തയ്യാറായിട്ടുണ്ട്. അഭ്യസ്തവിദ്യരായ യുവാക്കളും സ്ത്രീകളും ഇതിനായി മുൻപന്തിയിലുണ്ട്. മലയാളികളായ പതിനായിരക്കണക്കിന് സാങ്കേതിക വിദഗ്ധർ രാജ്യത്തിന്റെ അകത്തും പുറത്തും ജോലി ചെയ്യുന്നുണ്ട്. ഇവരെ കേരളത്തിലേക്ക് ആകർഷിച്ച് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും പുതിയ നയത്തിലൂടെ ലക്ഷ്യമിടുന്നു.

### നല്ല ആശയങ്ങൾ പ്രാവർത്തികമാക്കുന്നതല്ല എന്നപേരിൽ തള്ളിക്കളയുകയും അവരെ മറ്റുള്ളവർ സഹായിക്കുകയും വലിയ സംരംഭങ്ങളുണ്ടാകുകയും ചെയ്യുന്നുണ്ട്?

### ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ മനസിലാക്കാൻ ഉദ്യോഗസ്ഥർക്ക് കഴിയുന്നുണ്ടോ ?

കെഎസ്ഐഡിസിയുടെ 62ാം വാർഷിക ആഘോഷിക്കുന്ന വേളയാണിത്. 62വർഷത്തെ പ്രവർത്തനം നോക്കുമ്പോൾ കെഎസ്ഐഡിസി കേരളത്തിൽ എത്രമാത്രം മികവിലാണ് വിജയകരമായി മുന്നേറുന്നതെന്ന് മനസിലാക്കാം. ഇന്ന് കേരളത്തിൽ വിജയകരമായി പ്രവർത്തിക്കുന്ന ഒട്ടനവധി സംരംഭങ്ങൾക്ക് പിന്നിൽ കെഎസ്ഐഡിസിയുണ്ട്. ബിപിസിഎൽ, സിയാൽ, കണ്ണൂർ എയോർപോർട്ട്, ഇൻകെൽ, അപ്പോളോ ടയേഴ്സ്, നിറ്റാ ജെലാറ്റിൻ, ജിയോജിത്, ബ്രഹ്മോസ് എയ്റോസ്പേസ്, മലബാർ സിമന്റ്സ് തുടങ്ങി 1000 ലധികം വൻകിട കമ്പനികളിലൊക്കെ ഓഹരി പങ്കാളിത്തമോ ടേം ലോൺ സഹായമോ കെഎസ്ഐഡിസി നൽകിയിട്ടുണ്ട്. ഈ വൻകിട കമ്പനികളുടെ അവിഭാജ്യഘടകമാണ് കെഎസ്ഐഡിസി. ആറ് പതിറ്റാണ്ടുകൾ പ്രവർത്തനപരിചയമുള്ള സ്ഥാപനത്തിന്റെ വിജയത്തിന് മുൻപിൽ ഒരു കൂട്ടം ദീർഘവീക്ഷണമുള്ള ഉദ്യോഗസ്ഥരാണ്. അവരുടെ പ്രയത്നമാണ് കെഎസ്ഐഡിസിയുടെ വിജയം. പ്രൊജക്ട് ഫിനാൻസിന് മാത്രമായി തിരുവനന്തപുരം, എറാണാകുളം എന്നീ രണ്ട് സോണുകൾക്കായി പ്രത്യേക പ്രൊജക്ട് ഫിനാൻസ്

സ്വദേശത്ത് തന്നെ ചെറുതും വലുതുമായ സംരംഭങ്ങൾ ആരംഭിക്കാൻ മലയാളികളിൽ പലരും തയ്യാറായിട്ടുണ്ട്. അഭ്യസ്തവിദ്യരായ യുവാക്കളും സ്ത്രീകളും ഇതിനായി മുൻപന്തിയിലുണ്ട്. മലയാളികളായ പതിനായിരക്കണക്കിന് സാങ്കേതിക വിദഗ്ധർ രാജ്യത്തിന്റെ അകത്തും പുറത്തും ജോലി ചെയ്യുന്നുണ്ട്. ഇവരെ കേരളത്തിലേക്ക് ആകർഷിച്ച് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും പുതിയ നയത്തിലൂടെ ലക്ഷ്യമിടുന്നു.

ഡിവിഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ദീർഘ വീക്ഷണമുള്ള വിദ്ഗ്ധരായ ഉദ്യോഗസ്ഥരാണ് അവിടെ പ്രവർത്തിക്കുന്നത്.

### ഈക്കാലയളവിൽ എത്ര പുതിയ വ്യാസായികളെ / സംരംഭകരെ സൃഷ്ട്ടിക്കാൻ കെഎസ്ഐഡിസിക്കു കഴിഞ്ഞു ?

1998 മുതൽ 2023 വരെയുള്ള 25 വർഷത്തിനിടെ ഓഹരി മൂലധനമായും വായ്പയായും കെഎസ്ഐഡിസി 989 വ്യവസായ യൂണിറ്റുകൾക്ക് 4468.86 കോടി രൂപയാണ് നൽകിയത്. ഇതുവഴി 1126067.94 കോടിയുടെ നിക്ഷേപം കൊണ്ടുവരാനും 98522 പേർക്ക് തൊഴിൽ സൃഷ്ലിക്കാനുമായി. നിലവിൽ 510 കമ്പനികൾക്കായി 900 കോടിയുടെ ലോണാണ് കെഎസ്ഐഡിസി നൽകിയിട്ടുള്ളത്. 78 സംരംഭങ്ങളാണ് ഇക്വിറ്റി എടുത്തിട്ടുള്ളത്. ഇതിന്റെ ആകെ വിപണി മൂല്യം 800 കോടിയാണ്.

### പുതിയ സംരംഭകർ കെഎസ്ഐഡിസി വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ലൈസൻസുകൾ ആവശ്യമില്ലാതെ സംരംഭം തുടങ്ങാം. 3 വർഷത്തിനുള്ളിൽ ലൈസൻസ് എടുത്താൽ മതി. ഇതിന്റെ വിശദ വിവരങ്ങൾ എന്തൊക്കെയാണ് *? *ജിഎസ്ടി രജിസ്ട്രേഷൻ ഇതിൽ പെടുമോ?

കെ സ്വിഫ്റ്റിലൂടെയാണ് ഇതു സാധ്യമാകുന്നത്. ഇപ്പോൾ സംരംഭം തുടങ്ങാൻ കാത്തിരിക്കേണ്ട സാഹചര്യമില്ല. സംരംഭകന് അനുമതി പത്രവും (അക്നോളജ്മെന്റ് സർട്ടിഫിക്കറ്റ്) കെസ്വിഫ്റ്റിൽ നിന്ന് ഞൊടിയിടയിൽ നേടിയെടുക്കാവുന്നതാണ്. ചെറുകിട ഇടത്തരം സംരംഭങ്ങൾ തുടങ്ങാനായാണ് സംസ്ഥാന സർക്കാർ കേരള സൂക്ഷ്മ ചെറുകിടഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ നിയമം 2019 കൊണ്ടുവന്നത്. 50 കോടി രൂപയിൽ താഴെ മുതൽ മുടക്കുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം ചുവപ്പു വിഭാഗത്തിൽപ്പെടാത്തതുമായ ഏതൊരു വ്യവസായ സംരംഭം തുടങ്ങുന്നതിനും, സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ വരുന്ന ചില അനുമതികൾ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ടുള്ളതാണ് ഈ നിയമം. സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് അനുമതി പത്രം ഉടൻ ലഭ്യമാക്കുന്നതിന് കെ സ്വിഫ്റ്റ് വഴി സംരംഭകന് സാധിക്കും. മൂന്ന് വർഷം കഴിഞ്ഞ് ആറ് മാസത്തിനുള്ളിൽ മേൽപറഞ്ഞ അനുമതികൾ ലഭ്യമാക്കിയാൽ മതിയാവും. ഇക്കാലയളവിൽ വ്യവസായ സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധന നടത്തുന്നത് ഒഴിവാക്കിയിട്ടുണ്ട്. 2020 ജനുവരിയിൽ നടപ്പാക്കിയ ഈ

> സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് അനുമതി പത്രം ഉടൻ ലഭ്യമാക്കുന്നതിന് കെ സ്വിഫ്റ്റ് വഴി സംരംഭകന് സാധിക്കും. മൂന്ന് വർഷം കഴിഞ്ഞ് ആറ് മാസത്തിനുള്ളിൽ മേൽപറഞ്ഞ അനുമതികൾ ലഭ്യമാക്കിയാൽ മതിയാവും.

നിയമ പ്രകാരമുള്ള അനുമതി പത്രം ലഭ്യമാക്കുന്നതിനുള്ള സംവിധാനമാണ് കെസ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനത്തിൽ ഏർപ്പെടുത്തിയിട്ടുള്ളത്. https://k-swift.kerala.gov.in/ എന്ന വെബ്പോർട്ടലിൽ സന്ദർശിച്ച് വിവരങ്ങൾ നൽകി ലൈസൻസ് നേടാവുന്നതാണ്. സൈറ്റിൽ കയറി ഇമെയിൽ ഐഡിയും മൊബൈൽ നമ്പറും നൽകി വൺടൈം രജിസട്രേഷൻ നടത്തണം. മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽപ്പെടാത്ത ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുകയാണെങ്കിൽ ങടങഋ അരസീംഹലറഴലാലിേ ഇല്യേശേള ശരമലേ എന്നതിൽ ക്ലിക്ക് ചെയ്ത് ബാക്കിയുള്ള പ്രക്രിയകൾ നിർവഹിക്കാവുന്നതാണ്.

